# പള്ളിക്കുദാശക്കാലം
## വചന വിചിന്തനം
### പള്ളികുദാശക്കാലം : രണ്ടാം ഞായർ
### മത്താ 12,1–13

നിയമം നിയമത്തിന് വേണ്ടിയാകുമ്പോൾ
കർത്താവ് ഇപ്രകാരം വിലപിക്കുന്നുണ്ടാകും,
"ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു.
എന്നാൽ, ഇവരുടെ ഹൃദയം എന്നിൽ നിന്ന് ഏറെ വിദൂരത്താണ്!"

ക്രിസ്തീയ ജീവിതം = പ്രാർത്ഥനപ്പോലെ ജീവിതവും + ജീവിതം പോലെ പ്രാർത്ഥനയും!

വിശ്രമിക്കുക, വിരാമമിടുക എന്നീ അർത്ഥങ്ങൾ വരുന്ന 'സാബാത്ത്' എന്ന ഹീബ്രു വാക്കിൽ നിന്നാണ് സാബത്ത് എന്ന വാക്കിന്റെ ഉത്ഭവം. സാബത്ത് ദൈവം മനുഷ്യന്റെ വിശ്രമത്തിന് വേണ്ടി ബോധപൂർവ്വം നൽകിയ നൽകിയ ദിനങ്ങളിൽ ഒന്നാണ്. എന്നാൽ, യഹൂദനേതൃത്വം തങ്ങളുടെ ആത്മീയതയുടെ ആകെതുകയാക്കി ഏറ്റവും ഭാരപ്പെടുത്തുന്ന ദിവസങ്ങളിൽ ഒന്നാക്കി മാറ്റി. എല്ലാ ജോലികളിലും തിരക്കുകളിലും നിന്ന് ഒഴിഞ്ഞ് ദൈവശുശ്രൂഷയ്ക്കായ് മാറ്റിവച്ചിരുന്ന ദിവസം വി.ഗ്രന്ഥത്തിലെ രണ്ട് സംഭവങ്ങളെ ഓർമ്മപ്പെടുത്തുന്നു; സൃഷ്ടിയും രക്ഷയും.

"ദൈവം തൻെറ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവൃത്തിയിൽനിന്നു വിരമിച്ച്, ഏഴാം ദിവസം അവിടുന്നു വിശ്രമിച്ചു" (ഉൽപ്പ 2,2–3). ആറു ദിവസം കൊണ്ട് സൃഷ്ടികർമ്മം പൂർത്തി യാക്കിയ ദൈവം ഏഴാം ദിവസം വിശ്രമിച്ചതിന്റെ ഓർമ്മയ്ക്ക് വേണ്ടിയാണ് സാബത്ത് വിശുദ്ധ ദിനമായി ആചരിക്കണമെന്ന് ദൈവം കൽപ്പിക്കുന്നത്. "സാബത്തു വിശുദ്ധ ദിനമായി ആചരിക്കണമെന്ന് ഓർമിക്കുക. ആറു ദിവസം അധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. എന്നാൽ ഏഴാം ദിവസം നിൻെറ ദൈവമായ കർത്താവിൻെറ സാബത്താണ്. അന്ന് ഒരു വേലയും ചെയ്യരുത്. എന്തെന്നാൽ, കർത്താവ് ആറുദിവസം കൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും സൃഷ്ടിക്കുകയും ഏഴാംദിവസം വിശ്രമിക്കുകയും ചെയ്തു" (പുറ 20,8–11). പഴയനിയമ വചനഭാഗങ്ങളി ലൂടെ യാത്ര ചെയ്യുമ്പോൾ ബോദ്ധ്യമായി മാറ്റപ്പെടുന്ന തിരിച്ചറിവുകളിൽ ഒന്ന്, "സാബത്ത് സൃഷ്ടാവും രക്ഷകനുമായ ദൈവത്തെ സ്തുതിക്കാനും സന്തോഷിക്കാനും വിശ്രമിക്കാനും ദൈവത്തെ ആരാധിക്കാനുമുള്ള ദിന മാണ്" എന്നതാണ്.

പക്ഷെ, കാലങ്ങൾ കഴിഞ്ഞപ്പോൾ സൃഷ്ടാവും രക്ഷകനുമായ ദൈവത്തെ സ്തുതിക്കേണ്ട വിശ്രമിക്കേണ്ട ദിനം, സാബത്ത് സാധുക്കളെ ഭാരപ്പെടുത്തുന്ന, വേദനിപ്പിക്കുന്ന ദിനമായി മാറ്റപ്പെടുകയാണ്. സാബത്തിൽ നിന്ന് സാബത്തിന്റെ ആന്തരീകചൈതന്യം അന്യവത്കരിക്കപ്പെടുന്നു. മതം ഒരു വികാരമായി മാറ്റപ്പെടുകയും ദൈവികനിയമങ്ങൾ മാനുഷീകനിയമങ്ങളായി കാലഹരണപ്പെടുകയും ചെയ്യുന്നു. "നിയമാനുസൃത നിയമലംഘനങ്ങൾ" ഇതാണ് നിയമങ്ങളുടെ ആന്തരീക ചൈതന്യം! നിയമാനുസൃത നിയമലം ഘനങ്ങൾ അരങ്ങേറണമെങ്കിൽ നിയമങ്ങളുടെ ആന്തരീക ചൈതന്യത്തെ തിരിച്ചറിയാൻ സാധിക്കണം. കർത്താവ് പുരോഹിതനെയും ലേവായനെ

യും കുറ്റം വിധിക്കുകയും സമരിയക്കാരനെ നല്ല സമരിയക്കാരനെന്ന് വാഴ്ത്തുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനുള്ള കാരണം നിയമത്തിന്റെ ചൈതന്യം ഉൾക്കൊള്ളാൻ സമരിയക്കാരന് സാധിച്ചത് കൊണ്ടാണ്.

"വിശക്കുന്ന ഗുരുവും വിശക്കുന്ന ശിഷ്യരും!" ഒരു സാബത്തിൽ ക്രിസ്തുവും ശിഷ്യൻമാരും ഗോതമ്പുവയലിലൂടെ കടന്നുപോയപ്പോൾ അവൻെറ ശിഷ്യൻമാർക്കു വിശന്നു. അവർ ഗോതമ്പുകതിരുകൾ പറിച്ചു തിന്നാൻ തുടങ്ങി. ഇതു കണ്ട ഫരിസേയർ ക്രിസ്തുവിനോടു പറഞ്ഞു:

"നോക്കൂ, സാബത്തിൽ നിഷിദ്ധമായത് നിൻെറ ശിഷ്യൻമാർ ചെയ്യുന്നു."

ഇതു കാണുകയും കേൾക്കുകയും ചെയ്ത ക്രിസ്തു അവരെ വചനം പഠിപ്പിക്കുകയാണ്. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതിന്റെ അർഥം മനസ്സിലാക്കിയിരുന്നെങ്കിൽ നിങ്ങൾ നിരപരാധരെ കുറ്റം വിധിക്കുമായിരുന്നില്ല."

ഇന്നു നിരപരാധരെ കുറ്റം വിധിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം ബലിയെയും കരുണയെയും തിരിച്ചറിയാൻ സാധിക്കാതതു കൊണ്ടാണ്. കർത്താവ് പറയുന്നത് "ബലി" വേണ്ട എന്നല്ല. മറിച്ച്, നിന്റെ ബലിജീവിതം ചെന്നെത്തി നിൽക്കേണ്ട ഇടം കരുണ നിറഞ്ഞ പ്രവർത്തിയിലേയ്ക്കാണ് എന്നതാണ്. ബലിയർപ്പിക്കാൻ രക്തമൊ മൃതശരീരമോ സ്പർശിക്കരുത് എന്ന നിയമം പാലിക്കാൻ വേണ്ടി മൃതപ്രായനായവനെ വഴിയരികിൽ ഉപേക്ഷിച്ച പുരോഹിതനെയും ലേവായനെയും ശക്തമായി ശകാരിക്കാൻ കാരണവും ഇത് തന്നെയാണ്. "ബലിജീവിതം കരുണ നിറഞ്ഞ പ്രവർത്തിയിലേയ്ക്കെത്തുന്നില്ല!"

ഈ കാലഘട്ടത്തിൽ ഏറ്റവും അധികം കേൾക്കുന്നത് പട്ടികളെയും കുട്ടികളെയും കുറിച്ചാണ്. പത്രം തുറന്നാൽ "പട്ടി"കളെ കുറിച്ചുള്ള വാർത്തകൾ മാത്രമാണ്. പട്ടികൾ കുട്ടികളെയും മുതിർന്നവരെയും ആക്രമിക്കുന്നു! ഒരു വശത്ത് ആക്രമണകാരികളായ പട്ടിയെ കൊല്ലണം എന്ന് ഭൂരിഭാഗം പേരും ശഠിക്കുമ്പോൾ മറുവശത്ത് പട്ടിയെ കൊല്ലുന്നവരെ "കാപ്പ" ചുമത്തി ജയിലിലടയ്ക്കണമെന്ന് വാദിക്കുന്നു ന്യൂനപക്ഷം! ഇതിനിടയിൽ നിയമത്തിന്റെ ആന്തരീക ചൈതന്യത്തെ തുറന്ന് കാണിക്കുന്നു കഥ ഇപ്രകാരമാണ്.

സ്നേഹവും നന്മയും തമ്മിൽ കണ്ടുമുട്ടുന്ന ഇടങ്ങൾ എവിടെയൊക്കെ ഉണ്ടോ അവിടെയൊക്കെ മനുഷ്യനന്മയും ഉണ്ടാകും!

അപകടം വരുത്തിവെച്ച ലോറി ഡ്രൈവറോട് ജഡ്ജി ചോദിക്കുകയാണ്;

"താങ്കൾക്ക് എന്താ കണ്ണ് കാണുന്നുണ്ടായിരുന്നില്ലെ? കണ്ണുകാണുന്നുണ്ടായിരുന്നെങ്കിൽ എന്തിനാണ് ഇത്രയും ആളുകളുടെ മുകളിലൂടെ വണ്ടി കയറ്റി പോയത്?"

ഡ്രൈവർ: "സർ, എനിക്ക് കണ്ണ് കാണാമായിരുന്നു. അതുകൊണ്ടാണ് ഞാൻ അവരുടെ മുകളിലൂടെ ലോറി കയറ്റിയത്!"

ജഡ്ജി: "അതെന്താ? അവർ താങ്കൾക്ക് എന്തെങ്കിലും ദ്രോഹം ചെയ്തിട്ടുണ്ടോ? ഇത്രയും ആളുകളെ ലോറി കയറ്റി കൊല്ലാൻ കാരണം എന്താണ്?"

ഇതിന് മറുപടി ഡ്രൈവർ ഇപ്രകാരമാണ് പറഞ്ഞത്;

"സർ, വാഹനത്തിന്റെ ബ്രേക്ക് പോയി. ഞാൻ നോക്കിയപ്പോ അപ്പുറത്തു ഒരുകൂട്ടം തെരുവ് നായ്ക്കൾ... ഇപ്പുറത്ത് ഒരു കൂട്ടം മന

ഷ്യർ... തെരുവ് നായ്ക്കളെ കൊന്നാൽ "കാപ്പ" ചുമത്തി പത്തു വർഷം ജയിലിൽ കിടക്കുന്നതിനേക്കാളും ഭേദം മനുഷ്യരെ കൊന്ന് ജാമ്യത്തിൽ ഇറങ്ങി രക്ഷപ്പെടുന്നതാണ് ബുദ്ധി എന്ന് തോന്നി!"

ഡ്രൈവറുടെ മറുപടിയിൽ പകച്ച് നിൽക്കുന്ന ജഡ്ജി!

ഇത് ആരുടെയോ ഭാവനയിൽ വിരിഞ്ഞ നിയമത്തെയും അതിന്റെ ആന്തരീക ചൈതന്യത്തെയും കളിയാക്കി കൊണ്ടുള്ള കഥ മാത്രമാണ്. പട്ടിക്ക് കുട്ടിയേക്കാൾ വില നൽകുമ്പോൾ നിയമത്തിന്റെ ആന്തരീക ചൈതന്യം അന്യവത്കരിക്കപ്പെടുകയാണ്.

"സാമ്പത്ത്-ബലി-കാരുണ്യം" ഇവയിൽ ശ്രേഷ്ഠമായത് കാരുണ്യമാണ്. കാരണം, സാബത്തിൽ ബലിയർപ്പിക്കുന്ന പുരോഹിതൻ കുറ്റമറ്റവനാണ്. സാബത്തിൽ ബലിയർപ്പിക്കാൻ അവന് അധികാരമുണ്ട്. "സാബത്തു ദിവസം ഒരു വയസ്സുള്ള ഊനമറ്റ രണ്ട് ആൺചെമ്മരിയാടുകളെയും ധാന്യബലിയായി ഒരു എഫായുടെ പത്തിൽ രണ്ട് എണ്ണ ചേർത്ത നേരിയ മാവും അതിൻെറ പാനീയബലിയും അർപ്പിക്കണം" (സംഖ്യ 28,9). അങ്ങനെയെങ്കിൽ, ബലിയർപ്പണം സാബത്തിനേക്കാൾ ശ്രേഷ്ടമാണ്. ഹോസിയ പ്രവാചകന്റെ വാക്കുകൾ കടമെടുത്ത് കർത്താവ് പറയുന്നു, "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം" (ഹോസി 6,6). "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (മത്താ 12,7). എങ്കിൽ, ഒരിക്കൽ കൂടി അടിവരയിട്ട് പറയുന്നു, "സാമ്പത്ത്-ബലി-കാരുണ്യം" ഇവയിൽ ശ്രേഷ്ഠമായത് കാരുണ്യം തന്നെയാണ്. നിന്റെ സാമ്പത്താചരണവും ബലിജീവിതവും ചെന്നെത്തി നിൽക്കേണ്ട ഇടം കരുണ നിറഞ്ഞ പ്രവർത്തികളിലേയ്ക്കാണ്.

**ചിപ്പിയെ വിലയുള്ളതാക്കുന്നത് മുത്താണെങ്കിൽ നിയമത്തെ വിലയുള്ളതാക്കുന്നത് അതിന്റെ ചൈതന്യമാണ്!**

"ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു.
എന്നാൽ, അവരുടെ ഹൃദയം എന്നിൽനിന്നു വളരെ ദൂരെയാണ്."

മർക്കോ 7,6

ഫാ. ജോബി മേനോത്ത്
+91 944 7777 931